**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 3017 07.12.2018 -ൽ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>,, എ. പ്രദീപ്കുമാർ<br>,, എം. സ്വരാജ്<br>,, പി.വി. അൻവർ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളുടെ പ്രവർത്തനം വിപുലപ്പെടുത്തി അതു വഴി നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും കൂടുതൽ സുതാര്യമായും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട് (www.employment.kerala.gov.in).<br>കേരളത്തിലെ എല്ലാ എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന ഇ-ഓഫീസ് പദ്ധതി ജില്ലാ തലം വരെയുള്ള 29 ഓഫീസുകളിൽ നടപ്പിലാക്കി കഴിഞ്ഞു.<br>കേരളത്തിലെ എംപ്ലോയ് മെന്റ് എക് സ് ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 -13 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി, സംസ്ഥാന സർക്കാർ തൊഴിൽനയപ്രകാരം ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016 -17 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദേശങ്ങളും നൽകി രാജ്യത്തിലെ വർധിച്ച് വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെ നടപ്പാക്കുന്ന മോഡൽ കരിയർ സെന്റർ പദ്ധതി തുടങ്ങിയ പദ്ധതികളും |

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നുണ്ട്.<br>കൂടാതെ കൈവല്യ, കെസ് റു (കേരള സ് റ്റേറ്റ് സെല്ഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ തൊഴിൽരഹിത വേതന പദ്ധതി, നിയുക്തി മെഗാ ജോബ് ഫെയർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി, തുടങ്ങി വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽരഹിതർക്കുവേണ്ടി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലൂടെ തൊഴിൽരഹിതർക്ക് വേണ്ടി കൈവല്യ, കെസ് റു (കേരള സ് റ്റേറ്റ് സെല്ഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, തുടങ്ങി വിവിധ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളും എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റും പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലാ ഓഫീസുകളും കേന്ദ്രീകരിച്ച് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (ഇ.എം.ഐ) യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്വതന്ത്ര ചുമതലയുള്ള ഇ.എം.ഐ ഓഫീസർമാർ പ്രവർത്തനം നടത്തുന്നുണ്ട്. മറ്റു ജില്ലകളിൽ മറ്റു സ്കീമുകളിലെ ഓഫീസർമാർക്കാണ് ഇ.എം.ഐ സെക്ഷന്റെ ചുമതല.<br>നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളോടും, സർവ്വകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ് മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളോടും അനുബന്ധിച്ച് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br>ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും, തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെ കുറിച്ച് ഉദ്യോഗാർത്ഥികൾ,വിദ്യാർഥികൾ,രക്ഷിതാക്കൾ,സാമൂഹ്യസംഘടനാപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.അതോടൊപ്പം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (ഡി) | പൊതുജന സേവനത്തിനായി വിവിധയിനം നൂതന സംരംഭങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വകുപ്പുകൾക്കുള്ള മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ലഭിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, ഇ-എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന് 2016 ലെ മുഖ്യമന്ത്രിയുടെ പൊതുജന സേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള അവാർഡായി 2.5 ലക്ഷം രൂപയും മെമൊന്റോയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ